**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 316** **01-02-2023 - ൽ മറുപടിയ്ക്ക്**

**നെല്ല് സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.സിദ്ദിഖ്** | | **ശ്രീ ജി ആർ അനിൽ (ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ നെല്ല് സംഭരണ പ്രക്രിയ വിശദമാക്കാമോ; ഈ സർക്കാർ നിലവിൽ വന്നതിനുശേഷം സംഭരിച്ച നെല്ലിന്റെ വിശദാംശം ജില്ലാ അടിസ്ഥാനത്തിൽ നൽകാമോ; | (എ) | കേന്ദ്ര സംസ്ഥാന സർക്കാരുകൾ തമ്മിലുണ്ടാക്കിയിട്ടുള്ള ധാരണാ പത്രം അനുസരിച്ച് കേന്ദ്ര സർക്കാരിന്റെ വികേന്ദ്രീകൃത ധാന്യ സംഭരണ സംസ്കരണ വിതരണ പദ്ധതി (Decentralized Procurement Scheme - DCP) കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന 2005 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. കർഷകർക്ക് താങ്ങുവില (MSP), നെല്ല് സംഭരണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ചെലവുകൾ എന്നിവ കേന്ദ്ര സർക്കാർ നൽകുകയും ഇതു കൂടാതെ അധികമായി സംസ്ഥാന സർക്കാർ കർഷകർക്ക് സംസ്ഥാന പ്രോത്സാഹന ബോണസ് (SIB) നൽകുകയും ചെയ്യുന്നു. MSP 20.40 രൂപയും SIB 7.80 രൂപയുമാണ്. നെല്ലിന്റെ വിലയോടൊപ്പം ക്വിന്റലിന് 12 രൂപ കൂടി കർഷകർക്ക് കൈകാര്യ ചെലവായി നൽകുന്നു. നിലവിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമുള്ള കർഷകരിൽ നിന്നും സിവിൽ സപ്ലൈസ് കോർപ്പറേഷൻ നെല്ല് സംഭരിച്ചു വരുന്നു. സംഭരിക്കുന്ന നെല്ല് അരിയാക്കി സിവിൽ സപ്ലൈസ് വകുപ്പിന് കൈമാറുകയും, വകുപ്പ് ഭക്ഷ്യഭദ്രത നിയമപ്രകാരം Priority, Non-priority, AAY എന്നീ സ്കീമുകളിൽ കേരളത്തിൽ റേഷൻകടകൾ വഴി ജനങ്ങൾക്ക് വിതരണം നടത്തുകയും ചെയ്യുന്നു. നെല്ല് സംഭരണ പദ്ധതിയിൽ പങ്കാളികളാകുവാൻ താത്പര്യമുള്ള കർഷകർ കൊയ്ത്തിനുമുൻപായി www.supplycopaddy.in എന്ന നെല്ല് സംഭരണ വെബ്സൈറ്റ് വഴി സപ്ലൈകോയിൽ രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. രജിസ്റ്റർ ചെയ്യപ്പെടുന്ന അപേക്ഷകൾ അതാത് സ്ഥലത്തെ കൃഷി ഓഫീസർ പരിശോധിച്ച് ഓൺലൈനായി സാക്ഷ്യപ്പെടുത്തുന്നതിൻറെയും ബന്ധപ്പെട്ട പാഡി മാർക്കറ്റിംഗ് ഓഫീസർ അംഗീകാരം നൽകുന്നതിന്റെയും അടിസ്ഥാനത്തിൽ കർഷകർക്ക് |

| | | | |
|---|---|---|---|
| | | | നെല്ല് സംഭരണ രജിസ്ട്രേഷൻ നമ്പർ ലഭിക്കുന്നു. നെല്ല് സംഭരണം നടപ്പിലാക്കുന്നതിനായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ആധുനിക അരി മില്ലുകളുമായി സപ്ലൈകോ കരാറിൽ ഏർപ്പെടുകയും കരാർ നിബന്ധനകൾ പ്രകാരം മില്ലുകൾ നെല്ല് നിറയ്ക്കുന്നതിനുള്ള ചാക്ക് നൽകിയശേഷം മില്ലുകൾ കർഷകരിൽ നിന്ന് നെല്ല് സംഭരിക്കുകയും ചെയ്യുന്നു. കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത ഗുണനിലവാരമുള്ള നെല്ലാണ് ഇപ്രകാരം സംഭരിക്കുന്നത്. നെല്ലിന്റെ ഗുണനിലവാരം, തൂക്കം എന്നിവ പരിശോധിക്കുന്നതിനും കരാർ വ്യവസ്ഥകൾ മില്ലുകൾ പാലിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുമായി സപ്ലൈകോ ഫീൽഡ്തലത്തിൽ ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്. ഇവരുടെ മേൽനോട്ടത്തിലാണ് സപ്ലൈകോയ്ക്കു വേണ്ടി മില്ലുകൾ നെല്ല് സംഭരിക്കുന്നത്. നെല്ല് സംഭരിക്കപ്പെട്ടശേഷം കർഷകർക്ക് കമ്പ്യൂട്ടർ അധിഷ്ഠിത രസീത് (പി.ആർ.എസ്) നൽകുന്നു. 2022-23 സീസൺ മുതൽ കർഷകരുടെ അക്കൗണ്ടിലേയ്ക്ക് ഡിജിറ്റൽ പേയ്മെന്റ് മാർഗ്ഗത്തിൽ നേരിട്ട് തുക നൽകുന്നു. ഈ സർക്കാർ നിലവിൽ വന്നശേഷം സംഭരിച്ച നെല്ലിന്റെ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നെല്ലിന്റെ സംഭരണ വില വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കേന്ദ്ര സംസ്ഥാന അനുപാതം സഹിതം വിശദമാക്കുമോ; | (ബി) | ഈ സർക്കാർ നിലവിൽ വരുന്നതിന് മുൻപ് സംഭരണ വില 27.48 രൂപയായിരുന്നു അത് 2021-22 സീസണിൽ 28 രൂപയായും 2022-23 സീസണിൽ 28.20 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിൽ കേന്ദ്ര താങ്ങുവില (MSP) 20.40 രൂപയും സംസ്ഥാന പ്രോത്സാഹന ബോണസ് (SIB) 7.80 രൂപയുമാണ്. |
| (സി) | നെല്ല് സംഭരണത്തിനുള്ള കേന്ദ്ര സർക്കാർ മാനദണ്ഡങ്ങളിൽ സംസ്ഥാന സർക്കാർ മാറ്റം വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | (സി) | ഇല്ല. വികേന്ദ്രീകൃത നെല്ല് സംഭരണം കേന്ദ്ര സർക്കാർ പദ്ധതി ആയതിനാൽ മാനദണ്ഡങ്ങളിൽ മാറ്റം വരുത്താൻ സംസ്ഥാന സർക്കാരിന് കഴിയില്ല. |
| (ഡി) | സംഭരിക്കുന്ന നെല്ല് ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയ്ക്കു കൈമാറുന്ന രീതി വ്യക്തമാക്കാമോ? | (ഡി) | **സംഭരിക്കുന്ന നെല്ല് മില്ലുകളിൽ അരിയാക്കിയതിനുശേഷം അവ സപ്ലൈകോ ക്വാളിറ്റി ഉദ്യോഗസ്ഥർ ഗുണനിലവാര പരിശോധന നടത്തി ഗുണമേന്മയുള്ള അരി കേന്ദ്രപൂളിൽ ഉൾപ്പെടുത്തി പൊതു വിതരണ വകുപ്പിൽ നിന്നും ലഭിക്കുന്ന ഇൻഡൻറ് പ്രകാരം സപ്ലൈകോ റിലീസ് ഓർഡർ പുറപ്പെടുവിക്കുന്നു. റിലീസ് ഓർഡർ പ്രകാരമുള്ള അരി സപ്ലൈകോയുടെ കീഴിലുള്ള എൻ.എഫ്.എസ്.എ വിഭാഗം വഴി റേഷൻകടയിൽ എത്തിച്ച് നൽകി റേഷൻകട വഴി വിതരണം ചെയ്യുന്നു.** |

സെക്ഷൻ ഓഫീസർ